(5) കേരള-തമിഴ്നാട് അതിർത്തിയിലെ വട്ടവടയിൽ കയ്യേറ്റം നടക്കുന്നതായുള്ള പത്രവാർത്ത

ശ്രീ. ജി. വരദൻ : സാർ, വട്ടവടെ പഞ്ചായത്തിൽ കൊട്ടാൻകൊമ്പു വില്ലേജിൽ ആയിരം ഏക്കർ ഭൂമിയിൽ തമിഴ്നാടു പാറസ്റ്റു ഉദ്യോഗസ്ഥർ യൂക്കാലിപ്സ് മരം നട്ടു പിടിപ്പിച്ചിരുക്കിരുർക്കുന്നു. ഇന്ത മരങ്കൾ [10 a.m.] രണ്ടു വരുടങ്കളുക്കു മുൻപു നടപ്പെട്ടുള്ളതു എന്നു ദീപിക പത്രിരികൈ കൂറുകിറതു. നമതു പാറസ്റ്റു ഉദ്യോഗസ്ഥർകളുടെയും റവന്യൂ വകുപ്പിന്റെയും ഉദവിയോടുതാൻ തമിഴ്നാടു പാറസ്റ്റു ഉദ്യോഗസ്ഥർകൾ ഇന്ത മരങ്കളൈ നട്ടു പിടിപ്പിച്ചിരുക്കിരുർകളാ എന്പതുതാൻ എനതു സന്ദേകം. അതുമട്ടുമല്ലാമൽ കുമിളി പക്കത്തിൽ തമിഴ്നാട്ടിലുള്ള മക്കൾ കുടിയേറിക്കൊണ്ടിരുക്കിരുർകൾ. തമിഴ്നാടു പാറസ്റ്റു ഉദ്യോഗസ്ഥർകളും കൈയേറുകിരുർകൾ. ആകയാൽ മുതലമൈച്ചരും റവന്യൂ അമൈച്ചരും ചേർന്തു ഇന്ത പിരച്ചനൈക്കു തീർവു കാണ വേണ്ടുമെന്റു കേട്ടുക്കൊൾകിറേൻ.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽത്തന്നെ ജില്ലാകളക്ടറുടെ ചാർജ് വഹിക്കുന്ന എ. ഡി. എം. നോടും സർവ്വേ ഡെപ്യൂട്ടി ഡയറക്ടറോടും ഒന്നിച്ചു പോയി വേഗം ആ സ്ഥലം പരിശോധിക്കുന്നതിന് നിർദ്ദേശം കൊടുത്തു. അവർ ആ സ്ഥലത്തുപോയി പരിശോധിച്ചു. 7-11-1986-ൽ ചിന്നാർ, ചുരുളിച്ചെട്ടി. പമ്പ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച ആ സ്ഥത്തെ സംബന്ധിച്ച് സർവ്വേ റിപ്പോർട്ടെല്ലാം പരിശോധിക്കുകയുണ്ടായി. ചിന്നാർ നദിയുടെ കരയിൽ രണ്ടു ഗവൺമെൻറും യോജിച്ച് സ്ഥാപിച്ചിട്ടുള്ള സർവ്വേ കല്ലുകൾ യാതൊരു വ്യത്യാസവുമില്ലാതെ നിലനിന്നിരുന്നുവെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. റിക്കോഡുകൾ പ്രകാരം സർവ്വേ കല്ലുകൾ മാറി സ്ഥാപിച്ചതായി കണ്ടില്ല. തമിഴ്നാട് ഗവൺമെൻറ് ചിന്നാർ, ചുരുളിച്ചെട്ടി ഭാഗത്തുമാത്രം മഞ്ഞനിറത്തിൽ സർവ്വേ കല്ലുകൾക്ക് ചായമടിച്ചിട്ടുണ്ട്. വട്ടവടെ വില്ലേജിലെ കടവൂരിലും ചിലഞയാറിലും 10 ഏക്കറോളം തരിശുഭൂമിയിൽ 15 കുടുംബങ്ങൾ കയ്യേറിയതായും അവിടെ കൃഷി നടത്തി അനുഭവിക്കുന്നതായും അവരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഗവൺമെൻറു ഭൂമി കയ്യേറ്റം ഉണ്ടാകാതെയിരിക്കാനായിട്ടുള്ള തക്ക നടപടികൾ എടുത്തിട്ടുണ്ട്. ഈ അതിർത്തി കൈയേറി എന്നുള്ള പത്രവാർത്തയുടെ അടിസ്ഥാനത്തിൽത്തന്നെ ഉദ്യോഗസ്ഥൻമാർ അവിടെപോയി സർവ്വേ റിക്കോഡുകൾ വച്ച് പരിശോധിക്കുകയുണ്ടായി. അവിടെയുള്ള സർവ്വേകല്ലുകൾക്ക് പുതിയതായിട്ട് ചായം അടിച്ചതാണ് ഈ തെറ്റിദ്ധാരണയുണ്ടാകാൻ ഇടയായിട്ടുള്ളത്.

(6) കോഫി ക്യൂവറിംഗ് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തൽ

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്തു കോഫി ക്യൂവറിംഗ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം കൂലി ഏർപ്പെടുത്താത്തതിന്റെ ഫലമായി നാമമാത്രമായ കൂലി മാത്രമാണ് കോഫി ക്യൂവറിംഗ് തൊഴിലാളികൾക്ക് വിവിധ സ്ഥലങ്ങളിലായി ഇന്നു നൽകി വരുന്നത്. തലശ്ശേരി, കോഴിക്കോട്, വയനാട് എന്നീ സ്ഥലങ്ങളിലായി കോഫി ക്യൂവറിംഗ് ഫാക്ടറികൾ ഇന്നു പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു എന്ന

LIBRARY ARCHIVES Kerala Legislative Assembly